കോഴിക്കോട് ലോക്കൽ ലൈബ്രറി അതോറിറ്റിക്ക് ഗ്രാന്റിനത്തിൽ നൽകുവാനുള്ള തുക

1209 [2177] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ലോക്കൽ ലൈബ്രറി അതോറിറ്റിക്ക് ഗ്രാന്റ് ഇനത്തിൽ 1986 ജൂൺ 30 വരെ ഗവൺമെന്റ് നൽകുവാനുള്ള മൊത്തം തുക എത്രയാണെന്നു വ്യക്തമാക്കാമോ;

(ബി) ഗ്രാന്റ് യഥാവസരം ലഭ്യമാക്കാത്തതുമൂലം ജീവനക്കാരുടെ ശമ്പളം, പത്രമാസികകൾക്കുള്ള വരിസംഖ്യ, കെട്ടിടവാടക, വൈദ്യുതി ചാർജ്ജ് എന്നിവ നൽകാൻ കഴിയാതെ അതോറിറ്റി ബുദ്ധിമുട്ടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഈ അതോറിറ്റിയുടെ 1982–83 വരെയുള്ള ആഡിറ്റ് നടന്നിട്ടുള്ളൂ. അതിനുശേഷമുള്ള കൊല്ലങ്ങളിലേതും നടന്നാലേ ഗവൺമെന്റ് നൽകാനുള്ള തുക എത്രയെന്ന് അറിയൂ.

(ബി) ആഡിറ്റ് റിപ്പോർട്ട് കൂടാതെതന്നെ അഡ്വാൻസ് ഗ്രാന്റ് കൊടുക്കുന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്

1210 [2179] ശ്രീ. വി. വി. ജോസഫ്:
,, ഇ. ജെ. ലൂക്കോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) കൂടുതൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങാനുദ്ദേശമുണ്ടോ?

ഉത്തരം

(എ) കളമശേരിയിൽ ഒരു ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടും, തിരുവനന്തപുരത്തും കോഴിക്കോട്ടും, കോട്ടയത്തും, തൃശൂരും, കണ്ണൂരും അതിന്റെ ഓരോ എക്സ്റ്റൻഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ

1211 [2180] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര സർവ്വീസ് സഹകരണ സംഘങ്ങൾ ഉണ്ട്;

(ബി) അവയിൽ വ്യവസായ സഹകരണ സംഘങ്ങൾ എത്ര;

(സി) ഹരിജൻ സഹകരണ സംഘങ്ങൾ എത്ര;

(ഡി) ഈ സഹകരണ സംഘങ്ങളിലെല്ലാം കൂടെ ആകെ എത്ര ജീവനക്കാരുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly